പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4999</u> <u>04.07.2012 ൽ മറുപടിക്ക്</u>

<u>നോട്ടുകെട്ടുകൾ ഉപയോഗിച്ചുള്ള ചാനൽ പരിപാടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ ഒരു മലയാളം സ്വകാര്യ ചാനലിൽ നോട്ടുകെട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിപാടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏത് ചാനലാണെന്നും പരിപാടിയുടെ പേര് എന്താണെന്നും ഈ പരിപാടിയുടെ പ്രൊഡ്യൂസർ ആരാണെന്നും വ്യക്തമാക്കുമോ; | (ബി) ടി.വി. ചാനൽ - സൂര്യ, പരിപാടിയുടെ പേര് - കൈയ്യിൽ ഒരു കോടി ARE YOU READY, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ - അനിൽ തോമസ്. |
| (സി) രാജ്യത്ത് നോട്ടുകൾ ഉപയോഗിച്ചുള്ള കളി നിരോധിച്ചിട്ടുണ്ടോ; ഇത് നിയമ വിരുദ്ധമാണോ; എങ്കിൽ പ്രസ്തുത നിയമത്തിന്റെ പ്രസക്തഭാഗം വ്യക്തമാക്കുമോ; | (സി) നിരോധിച്ചിട്ടില്ല. |
| (ഡി) ഉത്സവ പറമ്പുകളിൽ നോട്ടുകൾ ഉപയോഗിച്ചുള്ള ചീട്ട് കളിയും ഇതേ പോലുള്ള ചാനൽ പരിപാടിയും ഒരു പോലെ നിയമലംഘനമല്ലേ; | (ഡി) ഉത്സവ പറമ്പുകളിൽ നോട്ടുകെട്ടുകൾ ഉപയോഗിച്ചുള്ള ചീട്ട് കളിയും സൂര്യ ടിവിയിൽ കാണിക്കുന്ന കളിയും ഒരേ പോലെ ഉള്ളതല്ല. |
| (ഇ) അല്ലെങ്കിൽ പ്രസ്തുത പരിപാടി നിയമ ലംഘനമാകാതിരിക്കുന്നതെങ്ങനെ യെന്ന് വ്യക്തമാക്കുമോ: | (ഇ) ചാനലിലെ പരിപാടിയിൽ വയ്ക്കുന്ന നോട്ടുകെട്ടുകൾ പ്രസ്തുത പരിപാടിയിൽ മത്സരിക്കുന്നവരുടെ കൈയ്യിൽ നിന്നും മുടക്കുന്നതല്ല എന്ന് മനസ്സിലാക്കുന്നു. എന്നാൽ അവർ അവസാനം വരെയും ചോദ്യങ്ങൾക്കുള്ള ഉത്തരം ശരിയായി നൽകുകയാണെങ്കിൽ സംഘാടകർ നൽകിയ പണത്തിൽ |

അവസാനം അവശേഷിക്കുന്ന തുക മത്സരാർത്ഥിക്ക് ലഭിക്കുന്നതാണ്. അതുകൊണ്ട് ഈ കളി Gaming Act-ന്റെ പരിധിയിൽ വരുന്നതല്ല

| | | | |
|---|---|---|---|
| (എഫ്) | ആണെങ്കിൽ ഈ പരിപാടി നിരോധിക്കുകയും ഇതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ; വ്യക്തമാക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ